## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :2901 — 20-03-2015-ൽ മറുപടിക്ക്

**മാവേലിസ്റ്റോറുകൾ മുഖേന അവശ്യ സാധനങ്ങൾ**

ചോദ്യം — ഉത്തരം

ശ്രീ.ബാബു എം. പാലിശ്ശേരി

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഭക്ഷ്യസാധനങ്ങളുടെ വില അനിയന്ത്രിതമാംവണ്ണം ഉയർന്നുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ക്രമാതീതമായ വിലവർദ്ധനവ് ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | എങ്കിൽ മാവേലിസ്റ്റോറുകൾ മുഖേന സബ്സിഡി നിരക്കിൽ ഗുണനിലവാരമുള്ള പലവ്യഞ്ജനങ്ങളും അരിയും യഥേഷ്ടം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് മാർക്കറ്റിടപെടൽ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങളാണ് മാവേലി സ്റ്റോറുകൾ ഉൾപ്പെടെയുള്ള വില്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നത്.<br><br>പ്രാദേശികമായി ജനങ്ങൾക്ക് താത്പര്യമുള്ള വിവിധ ഇനം മട്ട അരി, ജയ അരി, കുറുവ അരി എന്നിവ കിലോഗ്രാമിന് 25 രൂപ നിരക്കിലും, പച്ചരി കി.ഗ്രാമിന് 23 രൂപ നിരക്കിലും വിതരണം ചെയ്തു വരുന്നു. നാമമാത്രമായ ഉപഭോഗമുള്ള ജീരകം, കടുക്, ഉലുവ തുടങ്ങിയ സാധനങ്ങൾക്ക് പകരം ഉപഭോക്താക്കൾക്ക് കൂടുതലായി ആവശ്യമുള്ള വെളിച്ചെണ്ണ, ജയ അരി, കുറുവ അരി എന്നിവ സബ്സിഡിയുള്ള സാധനങ്ങളിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുക വഴി ഈ പദ്ധതി പൊതുജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാക്കി 2012 ആഗസ്റ്റ് മാസം മുതൽ പരിഷ്കരിച്ചു.<br><br>സബ്സിഡി ഉൽപ്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കുകയും കൂടുതൽ ജനങ്ങൾക്ക് സബ്സിഡി നിരക്കിൽ സാധനങ്ങൾ ലഭ്യമാക്കുകയും ചെയ്തു. യഥാർത്ഥ ഉപഭോക്താവിനു മാത്രമേ സബ്സിഡി നിരക്കിൽ സാധനങ്ങൾ ലഭിക്കൂ എന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി സബ്സിഡിയുടെ ദുർവിനിയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തിട്ടുണ്ട്. |

കൂടുതൽ നിത്യോപയോഗ സാധനങ്ങൾ വിതരണത്തിനായി സൂക്ഷിക്കുന്നതിനുവേണ്ടി കുറഞ്ഞത് 500 ച.അടിയെങ്കിലും വിസ്തീർണ്ണമുള്ള സൗകര്യപ്രദമായ കെട്ടിടങ്ങളിലാണ് പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നത്. സ്ഥലക്കുറവ് ഉള്ള മാവേലി സ്റ്റോറുകളിലും സൂപ്പർ മാർക്കറ്റുകളിലും കൂടുതൽ സ്ഥലസൗകര്യം ലഭ്യമാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകി നടപ്പിലാക്കി വരുന്നു.

സ്ഥല സൗകര്യം കുറഞ്ഞ വില്പനശാലകളിലേക്ക് കൂടുതൽ പ്രാവശ്യം സാധനങ്ങളെത്തിച്ചു കൊടുക്കുന്നു.

മുൻ മാസങ്ങളിലെ വില്പന, കഴിഞ്ഞ വർഷം ഈ മാസങ്ങളിലെ വില്പന, ഉൽസവ സീസൺ മുതലായവ കണക്കിലെടുത്ത് എല്ലാ വില്പന ശാലകളിലും ആവശ്യത്തിന് അവശ്യസാധനങ്ങൾ എത്തിച്ചു കൊടുക്കുവാൻ എല്ലാ ഡിപ്പോകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സപ്ലൈകോയുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗപ്പെടുത്തിയും അവശ്യസാധനങ്ങൾ എത്രയും വേഗം വില്പനശാലകളിലെത്തിക്കാൻ എല്ലാ ഡിപ്പോ മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗുണനിവാരം ഉറപ്പ് വരുത്തുന്നതിനായി എല്ലാസാധനങ്ങളും ക്വാളിറ്റി കൺട്രോൾ കമ്മിറ്റിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റിന് വിധേയമായി മാത്രമേ വില്പനക്ക് വയ്ക്കുകയുള്ളൂ.

കൂടാതെ സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് ആവശ്യത്തിന് എല്ലാ വില്പന ശാലകളിലും ഉറപ്പുവരുത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ (വിജിലൻസ് ഓഫീസർ) നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകൾ, ഇന്റേർണൽ ഓഡിറ്റ് വിഭാഗം, ജൂനിയർ മാനേജർ (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) എന്നിവർ മുഖേന വില്പനശാലകളിൽ പരിശോധന നടത്തി വരുന്നുണ്ട്.

പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ അനുവദനീയമായ അളവിൽ ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ എല്ലാ മാവേലി, സൂപ്പർ മാർക്കറ്റ് തലത്തിലും പഞ്ചായത്ത് മുൻസിപ്പൽ, കോർപ്പറേഷൻ തലത്തിലും പരാതിപരിഹാര കമ്മിറ്റികൾ രൂപീകരിച്ച് പൊതുജനങ്ങൾക്ക് അവിടെ പരാതി അറിയിക്കാനും പരിഹരിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | ഇപ്രകാരം സപ്ലൈകോയുടെ മാവേലി സ്റ്റോറുകൾ ഉൾപ്പെടെ എല്ലാ വില്പനശാലകളും വഴി സബ്സിഡി നിരക്കിൽ ഗുണനിലവാരമുള്ള അരിയും പലവ്യഞ്ജനങ്ങളും ജനങ്ങൾക്ക് യഥേഷ്ടം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Beena

**സെക്ഷൻ ഓഫീസർ**